## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1242** **11.02.2016-ലെ മറുപടിക്ക്**

### കരുണാ എസ്റ്റേറ്റ്

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശ പ്രകാരം കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം ആർക്കാണ്; സർവ്വേ ടീമിന്റെ കണ്ടെത്തൽ എന്താണ്; വിശദമാക്കുമോ; | (ബി) | സർവ്വെ ടീമിന്റെ നിലവിലുള്ള റിപ്പോർട്ട് പ്രകാരം 346.12 ഹെക്ടർ (855 ഏക്കർ) ഭൂമി കരുണാ പ്ലാന്റേഷൻ ഉപയോഗിച്ചു വരുന്നതിൽ, ബ്ലോക്ക് 58-ൽ സർവ്വെ നമ്പർ 162/2pt, 164/7pt എന്നീ വെസ്റ്റഡ് ഫോറസ്റ്റായിരുന്ന ഭാഗവും 167/1pt-ൽ വരുന്ന ഗ്രീൻലാന്റ് എസ്റ്റേറ്റിൽപ്പെട്ടതുമായ 6.15 ഹെക്ടർ ഭൂമി കൂടി ഉൾപ്പെട്ടുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയും എങ്ങനെ ലഭ്യമായെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | 11/04/1890-ലെ 640/1890, 642/1890 നമ്പർ പാട്ടാധാരങ്ങൾ പ്രകാരം 1000 ഏക്കർ, 500 ഏക്കർ വിസ്തീർണ്ണം വരുന്ന സ്ഥലങ്ങൾ വേങ്ങനാട് കോവിലകത്തു നിന്നും എ.എം.മെക്കൻസി, എച്ച്.എം.ഹാൾ എന്നീ വിദേശികൾക്ക് കരാറിന് നൽകിയതായും, ഇവർ ആംഗ്ലോ അമേരിക്കൻ കമ്പനി രൂപീകരിച്ചതായും ഇപ്രകാരം ലഭിച്ച കൈവശം വച്ച വരുന്ന ഭൂമി 28/02/1944-ലെ പാട്ടാധാര പ്രകാരം അമാൽഗമേറ്റഡ് ടീ ട്രേഡിംഗ് കമ്പനിക്ക് പാട്ടത്തിന് നൽകുകയും, ആയത് 2676/1969 ലെ പാട്ടാധാര പ്രകാരം 1000 ഏക്കർ (സീതാർ കുണ്ഡ് എസ്റ്റേറ്റ്) ശ്രീ.എൻ.ജെ.ജോസഫ്, ആലപ്പുഴ എസ്.ആർ.ഒ യുടെ 498/79-ാം നമ്പർ ആധാര പ്രകാരം M/s. കരുണാ പ്ലാന്റേഷന് |

| | | | |
|---|---|---|---|
| | | | നൽകുകയും, കമ്പനീസ് രജിസ്ട്രാറുടെ 26/09/2000-ലെ സർട്ടിഫിക്കറ്റ് പ്രകാരം കരുണാ പ്ലാന്റേഷൻ എന്നത് പേരുമാറ്റത്തിലൂടെ പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് ആകുകയും ചെയ്തതായി ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഭൂമി സംബന്ധിച്ച ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) | നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഭൂമിയും (കരുണാ പ്ലാന്റേഷനും സമീപ എസ്റ്റേറ്റുകളിലുമായി കിടക്കുന്ന 3129 ഏക്കർ ഭൂമിയും) സർവ്വെ ചെയ്ത് കണ്ടെത്തുന്നതിന് 12/11/2014-ലെ (സാധാ) 5473/14-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കുകയും, ടി സർവ്വെയുടെ മേൽനോട്ടത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും സർവ്വെ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, പാലക്കാട് ജില്ലാ കളക്ടർ, ഐ.ജി. രജിസ്ട്രേഷൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അപ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ 11/12/2014-ന് നടത്തുകയും സർവ്വെ ടീമിന്റെ തുടർ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും മറ്റും ലാന്റ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി സർവ്വെ ടീമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു. സർവ്വെ ടീമിന്റെ ഇടക്കാല റിപ്പോർട്ടിൽ കരുണാ പ്ലാന്റേഷന്റെ ഭൂമി മാത്രമേ സർവ്വെ ചെയ്തിട്ടുള്ളൂ എന്നാണ് സർവ്വെ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി റിപ്പോർട്ട് പ്രകാരം വെസ്റ്റഡ് ഫോറസ്റ്റായി വരുന്ന ഭൂമി കരുണാ പ്ലാന്റേഷൻ കൈവശം വച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കോടതി സ്റ്റേ ഉണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | | 07/08/2014-ൽ ലാന്റ് ബോർഡ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത |

| | | | |
|---|---|---|---|
| | | | WP(C) 34072/14-ാം നമ്പർ കേസിൽ തൽസ്ഥിതി തുടരാൻ നിർദ്ദേശിച്ച ബഹു.ഹൈക്കോടതിയുടെ 17/12/2014-ലെ വിധി ഭേദഗതി വരുത്തി, സർവ്വേ നടത്തുന്നതൊഴിച്ച് മറ്റു വിഷയങ്ങളിൽ ബഹു. ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ തുടർ നടപടി കൈക്കൊള്ളുവാൻ പാടുള്ളൂ എന്ന് 26/02/2015-ൽ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവായിട്ടുള്ളതാണ്. |
| (എഫ്) | കോടതി സ്റ്റേ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | ഈ കേസിൽ WP(C) യിലെ വിധിക്കെതിരെ എതിർ സത്യവാങ്മൂലം സർക്കാർ 15/01/2015-ൽ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോഴും കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ